**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *120 — 04-02-2019 -ൽ മറുപടിക്ക്

## പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പി.ടി. തോമസ്<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. റോജി എം. ജോൺ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്തുണ്ടായ പ്രളയത്തെ തുടർന്നുള്ള പുനരധിവാസ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഈ ആക്ഷേപം അടിസ്ഥാന രഹിതമാണ്. |
| ബി) | പ്രളയത്തെത്തുടർന്ന് ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിയ നിരവധി കുടുംബങ്ങൾ ഇപ്പോഴും ക്യാമ്പുകളിൽ കഴിയുന്നു എന്നത് വസ്തുതയാണോ; | ബി) | തൃശ്ശൂർ ജില്ലയിൽ 25 ക്യാമ്പുകളിലായി 133 കുടുംബങ്ങളിലെ 453 അംഗങ്ങൾ നിലവിൽ കഴിയുന്നുണ്ട്. വയനാട് ജില്ലയിൽ വീടും ഭൂമിയും നഷ്ടപ്പെട്ട 27 പേർ നിലവിൽ ക്യാമ്പിൽ കഴിഞ്ഞുവരുന്നു. |
| സി) | എങ്കിൽ ഇത്തരം കുടുംബങ്ങളെ എന്നത്തേക്ക് പുനരധിവസിപ്പിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | സി) | പൂർണ്ണമായി തകർന്നതായി നിലവിൽ കണക്കാക്കിയിട്ടുള്ള വീടുകളിൽ വാസയോഗ്യമായ സ്വന്തം ഭൂമിയിൽ വീട് വയ്ക്കുന്നതിന് സ്വയം സന്നദ്ധരായ ഗുണഭോക്താക്കൾക്ക് സർക്കാർ പ്രഖ്യാപിച്ച നാല് ലക്ഷം രൂപയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുക അനുവദിച്ചു വരുന്നു. ബാക്കി തുകയുടെ 50%, വീട് നിർമ്മാണം 25% പൂർത്തീകരിക്കുമ്പോഴും ശേഷിക്കുന്ന 50% വീട് നിർമ്മാണം 75% പൂർത്തിയാക്കുമ്പോഴും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നതാണ്. കൂടാതെ സ്വന്തം ഭൂമിയിൽ സർക്കാർ മേൽ നോട്ടത്തിൽ ഭവനം നിർമ്മിക്കുന്നതിനും സ്പോൺസർ നേരിട്ട് കെട്ടിട പുനർ നിർമ്മാണ ഏജൻസിയെ കണ്ടെത്തി ഭവനം പൂർത്തിയാക്കുന്നതിനും ഉള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വെള്ളപ്പൊക്ക ബാധിതമാകാൻ ഇടയുള്ളതും പാരിസ്ഥിതികമായി ദുർബലമോ |

| | | | |
|---|---|---|---|
| | | | അല്ലാത്ത പ്രദേശങ്ങളിലേക്ക് മാറ്റി പാർപ്പിക്കുന്നതിനാണ് മുൻഗണന . നൽകി വരുന്നത്. ഇതിനായി സർക്കാർ / പൊതുമേഖല സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി, വിവിധ സർക്കാർ വകുപ്പുകൾ ഏതെങ്കിലും പദ്ധതിക്കായി നീക്കിവച്ചിട്ട് നിലവിൽ ആവശ്യമില്ലാതെ കിടക്കുന്ന ഭൂമി, നിലവിൽ ഫലദായകമല്ലാത്ത പ്ലാന്റേഷനുകൾ എന്നിവയും സംഭാവനയായി ലഭിക്കുന്ന ഭൂമിയും ഉപയോഗിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇങ്ങനെ ലഭിക്കുന്ന ഭൂമിയിൽ സമുച്ചയങ്ങൾ, ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഗുണഭോക്താക്കളുമായി കൂടിയാലോചനയും നടത്തി വരുന്നുണ്ട്.<br>ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ബ്ലോക്ക് തലത്തിൽ ഏകോപിപ്പിക്കുന്നതിന് ബ്ലോക്ക് /മുനിസിപ്പൽ ആഫീസിൽ "സുരക്ഷിത കൂടൊരുക്കും കേരളം" എന്ന പേരിൽ ഒരു ഭവന നിർമ്മാണ സഹായ കേന്ദ്രം 2018 നവംബർ മുതൽ 6 മാസത്തേക്ക് പ്രവർത്തിക്കുന്നതാണ്.<br>CARe Home പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ജില്ലകളിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ വീടുകൾ നിർമ്മിച്ചു നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. പൂർണ്ണമായും സ്ഥലം ഒഴുകിപോയവർക്ക് സ്വന്തമായി വേറെ സ്ഥലം കേരളത്തിൽ ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീടു വയ്ക്കുന്നതിന് അനുയോജ്യമല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ പ്രമാണത്തിൽ ഉള്ള തുകയോ എതാണ് കുറവ് അത് അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം ക്യാമ്പുകളിൽ കഴിഞ്ഞുവരുന്നവരുൾപ്പടെയുള്ള പ്രളയ ബാധിതരുടെ പുനരധിവാസം സമയബന്ധിതമായി പൂർത്തീകരിക്കുവാനാണ് സർക്കാർ ലക്ഷ്യം ഇടുന്നത്. |

സെക്ഷൻ ഓഫീസർ